# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 14 വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

*331 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ധവളപത്രം ഇറക്കാൻ തയ്യാറാകുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അധികാര വികേന്ദ്രീകരണം സുസ്ഥിരമാക്കൽ</u>

*332 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. എ ബേബി
,, വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുരോഗമനപരമായ അധികാര വികേന്ദ്രീകരണം സുസ്ഥിരമായി നടപ്പിലാക്കിയതിനുള്ള കേന്ദ്ര സർക്കാരിന്റെ 2010-11 ലെ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര കോടി രൂപയായിരുന്നു അവാർഡ്;

(സി) ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ തുടർന്നും നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; തന്നാണ്ടിൽ വിഭാവനം ചെയ്തിരിക്കുന്ന അധികാര വികേന്ദ്രീകരണ പരിപാടികൾ ഈ ദിശയിലുള്ളതാണോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അധികാര വികേന്ദ്രീകരണം</u>

*333 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എം. എ വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ജാഗ്രതാ സമിതികളെയും ബാലസഭകളെയും എങ്ങിനെ ഫലപ്രദമായി വിനിയോഗിക്കുവാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ബി) ഇതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) കിലയുടെ പ്രവർത്തനങ്ങൾ ഈ ഉദ്ദേശത്തിനായി ഉപയോഗപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കായിക വിദ്യാഭ്യാസം</u>

*334 ശ്രീ. എം. ഹംസ
,, കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള മുൻ സർക്കാരിന്റെ നടപടികൾ തുടരുന്നുണ്ടോ ;

(ബി) ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടങ്ങളിലാണ് ; വിശദമാക്കുമോ ; ഇതിൽ സർക്കാർ അംഗീകരിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്</u>

*335 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങൾ മുല്യവർദ്ധനയിലൂടെ കൂടുതൽ പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി എടുക്കുമോ;

(സി ഈ പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങൾ വഴി മാത്രം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീ മിഷന്റെ ഭവനശ്രീ പദ്ധതി</u>

*336 ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി. കെ.കെ. ലതിക
,, കെ.എസ്. സലീഖ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീമിഷന്റെ ഭവനശ്രീപദ്ധതിപ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്ന് എന്തുതുക ഭവനശ്രീ പദ്ധതി പ്രകാരം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭവനശ്രീ പ്രകാരം ദേശസാൽകൃതബാങ്കുകൾ വഴി നൽകിയ വായ്പാ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി</u>

*337 ശ്രീ. ഷാഫി പറമ്പിൽ
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി സ്ഥാപിക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനോട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു ;

(സി) എവിടെയാണ് ഇതു സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനുള്ള നടപടി എന്ന് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിന്റെ ജനോപകാരപ്രദമായ പദ്ധതികൾ</u>

*338 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ ജനോപകാരപ്രദമായ പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങളും മാനദണ്ഡങ്ങളും വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതികളെകുറിച്ച് മതിയായ പ്രചാരണം നല്കാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ഇതിന്റെ ഫലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനും അർഹരായ വ്യക്തികൾക്ക് ഈ പദ്ധതികളുടെ ഫലം ലഭ്യമാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഈ പദ്ധതികളെകുറിച്ചുള്ള വിശദാംശങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തുന്നരീതിയിലും മനസ്സിലാകുന്ന രീതിയിലും പ്രചാരണങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

റെയിൽപാത ഇരട്ടിപ്പിക്കുന്നതിന് ഭൂമി

*339 ശ്രീ. സി.കെ. സദാശിവൻ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടി, ഏതെല്ലാം റെയിൽവേ പാതകളുമായി ബന്ധപ്പെട്ടതാണ് ; പൂർണ്ണമായി ഭൂമി ഏറ്റെടുത്തത് ഏതെല്ലാം റയിൽവേ പാതകളുടെ കാര്യത്തിലാണ് ;

(ബി) പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കൈത്തറി വ്യവസായം</u>

*340

ശ്രീ. കെ. കെ. നാരായണൻ
,, ആർ. സെൽവരാജ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂലിനും അസംസ്കൃത വസ്തുക്കൾക്കും വില വർദ്ധിച്ചതോടെ കൈത്തറി നെയ്ത്ത് വ്യവസായം തകർച്ചയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിന് പുതിയ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയിലെ നോമിനേഷൻ</u>

*341 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കുടുംബശ്രീ സി. ഡി. എസ്. ഭരണ സമിതി എന്നാണ് നിലവിൽ വന്നത്;

(ബി) എപ്രകാരമാണ് സി. ഡി. എസ്. കമ്മിറ്റി രൂപീകരിച്ചത്;

(സി) തെരഞ്ഞെടുപ്പിന് പകരം സി. ഡി. എസ്സുകളിലും എ. ഡി. എസ്സുകളിലും നോമിനേഷനിലൂടെ അംഗങ്ങളെ ഉൾപ്പെടുത്താൻ തീരുമാനമുണ്ടോ; വിശദമാക്കുമോ;

(ഡി) ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്ന കുടുംബശ്രീയിൽ തുടർന്നും അപ്രകാരം തന്നെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) സി. ഡി. എസ്സുകളിലേയ്ക്കുള്ള നോമിനേഷൻ വ്യവസ്ഥ ഒഴിവാക്കുമോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ആശാഭവനുകളുടെ പ്രവര്‍ത്തനം</u>

*342 ശ്രീമതി. കെ.കെ. ലതിക
'' കെ.എസ്. സലീഖ
ശ്രീ. ബാബു എം. പാലിശ്ശേരി
'' ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള ആശാഭവനുകളുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ബി) ആശാഭവനുകളിലെ അന്തേവാസികളുടെ പുനരധിവാസത്തിനുള്ള എന്തെങ്കിലും പാക്കേജ് നിലവിലുണ്ടോ ; എങ്കില്‍ വ്യക്തമാക്കുമോ ;

(സി) അന്തേവാസികളുടെ ചികിത്സ-ഭക്ഷണ-താമസ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനും, സാമൂഹ്യജീവിതവുമായി അവരെ ഇണക്കിയെടുക്കുന്നതിനും ആവശ്യമായ പ്രവര്‍ത്തനങ്ങള്‍ ആസൂത്രണം ചെയ്യുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഒപ്ടിക്കൽ ഫൈബർ ശൃംഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*343 ശ്രീ. വി. ശശി
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വാർത്താവിനിമയ ശൃംഖലയ്ക്കു വേണ്ടി നിർമ്മിക്കുന്ന ഒപ്ടിക്കൽ ഫൈബർ ശൃംഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ശൃംഖലയുടെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശൃംഖലയുടെ നിർമ്മാണത്തിന് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ടെക്നോ ലോഡ്ജുകളും പാർക്കുകളും</u>

*344 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിയ ടെക്നോ ലോഡ്ജുകളും പാർക്കുകളും വിജയകരമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ടെക്നോ ലോഡ്ജുകളും പാർക്കുകളുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനം വിജയപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വൈദ്യുതി അപകടങ്ങൾ

*345 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങൾ തടയുന്നതിന് നിലവിലുള്ള വൈദ്യുതി ലൈനുകളിലും പോസ്റ്റുകളിലും എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) നിലവിലുള്ള അലുമിനിയം ലൈൻ പെട്ടെന്ന് പൊട്ടിപ്പോകാൻ സാധ്യതയുള്ളതിനാൽ സ്റ്റീൽ ചേർത്ത കമ്പി ഉപയോഗിച്ച് ലൈൻ മാറ്റുന്ന കാര്യം പരിശോധിക്കുമോ;

(സി) എൽ. ടി. ലൈനുകളിൽ അഞ്ചിലധികം പോസ്റ്റുകൾ ആകുമ്പോൾ എർത്ത് ഇല്ലാത്തതുകാരണം അപകടമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇത് പരിഹരിക്കുന്നതിന് എർത്തിംഗ് സംവിധാനം ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>പരിഷ്കരിച്ച ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി</u>

*346 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിഷ്ക്കരിച്ച ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഊർജ്ജനഷ്ടത്തോത് കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വിശദവിവരം നല്കാമോ ;

(ഡി) ഈ പദ്ധതിയുടെ ഫണ്ടിംഗ് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ഇ) പദ്ധതി പ്രവർത്തനം തടസ്സപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കാമോ ; അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദവിവരം നല്കാമോ ;

(എഫ്) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഗണിച്ച് പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വിധവാ പുനർവിവാഹത്തിന് ധനസഹായം</u>

*347 ശ്രീ. കെ. അജിത്
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 വയസ്സിൽ താഴെയുളള എത്ര വിധവകൾ ഉണ്ടെന്ന് സാമൂഹ്യക്ഷേമ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(ബി) വിധവകൾക്ക് സർക്കാരിൽ നിന്ന് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിധവകളുടെ പുനർ വിവാഹത്തിനുളള ധനസഹായത്തിനായി എത്ര പേർ അപേക്ഷ നൽകി എന്നും എത്ര പേർക്ക് ധനസഹായം നൽകി എന്നും വ്യക്തമാക്കാമോ;

(ഡി) ബി.പി.എൽ കുടുംബങ്ങളിലെ വിധവകളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി</u>

*348 ശ്രീ. റ്റി. വി. രാജേഷ്
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്)യുടെ സെന്റർ കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; നിഫ്റ്റിനുള്ള നബാർഡ് സഹായം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ:

(സി) നിഫ്റ്റ് സെന്ററിന്റെ പണി നിശ്ചിതസമയ പരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുമോ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അവിവാഹിതരായ അമ്മമാർ</u>

*349 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം.പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ അമ്മമാർക്ക് സമൂഹത്തിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് പഠനങ്ങളെന്തെങ്കിലും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ സമൂഹത്തിൽ നിന്ന് നേരിടുന്ന അപമാനവും, അവഗണനയും ശിശുഹത്യകളിലേയ്ക്കും അമ്മമാരുടെ ആത്മഹത്യയിലേയ്ക്കും നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനു പരിഹാരമായി എന്തൊക്കെ നടപടികളാണ് ഇവർക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രശ്നം സമഗ്രമായി പഠിക്കുന്നതിനും, ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും അത്തരം അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഗവേഷണ പ്രവര്‍ത്തനങ്ങള്‍ക്കുള്ള ധനസഹായം

*350 ശ്രീ. പി.കെ. ബഷീര്‍
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവേഷണ പ്രവര്‍ത്തനങ്ങള്‍ക്കായി വനം വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികള്‍ വിശദമാക്കാമോ;

(ബി) ഫോറസ്റ്റ് റിസര്‍ച്ച് വിഭാഗത്തിനു പുറമെ ഏതെല്ലാം ഏജന്‍സികളുമായാണ് ഇതിന് ബന്ധമുളളത്;

(സി) 2000-2011 കാലഘട്ടത്തില്‍ ഗവേഷണ പ്രവര്‍ത്തനങ്ങള്‍ക്ക് ഏതെല്ലാം ഏജന്‍സികള്‍ക്ക് പണം അനുവദിച്ചിട്ടുണ്ട്; അതിന്റെ വിശദാംശം നല്‍കാമോ;

(ഡി) ഈ കാലയളവില്‍ രാജീവ്ഗാന്ധി സെന്റര്‍ ഫോര്‍ ബയോ ടെക്നോളജിക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ ഗവേഷണ പരിപാടികള്‍ക്ക്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത തുക എങ്ങിനെ വിനിയോഗിച്ചു എന്നതു സംബന്ധിച്ചും, നടത്തിയ ഗവേഷണ ഫലങ്ങളെ സംബന്ധിച്ചും എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ;

(എഫ്) വ്യക്തമായ റിപ്പോര്‍ട്ടുകളോ, ഗവേഷണ പ്രബന്ധങ്ങളോ ലഭിക്കാതെയാണ്, ഒന്നിലേറെ വിഷയങ്ങളില്‍, ഈ കാലയളവില്‍ പണം അനുവദിച്ചു നല്‍കിയതെങ്കില്‍ അതിനുത്തരവാദികളായവരുടെ പേരില്‍ അന്വേഷണ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വനവിഭവ ശേഖരണം</u>

*351 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. ജയചന്ദ്രൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശത്തു നിന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആർക്കാണ്;

(ബി) ഈ അവകാശം സംബന്ധിച്ച് തുടർന്നുപോരുന്ന നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ രംഗത്ത് പ്രവർത്തിച്ചുവന്ന ട്രൈബൽ സൊസൈറ്റികൾ എത്രയാണ്; ഈ വർഷം അവയ്ക്ക് ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ടോ;

(ഡി) ട്രൈബൽ സൊസൈറ്റികൾക്കല്ലാതെ മറ്റാർക്കെല്ലാമാണ് ഇപ്പോൾ പ്രസ്തുത അവകാശം നൽകിയിരിക്കുന്നത്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക്</u>

*352 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) ഇതിനായി ഒരു പ്രത്യേക കർമ്മ പദ്ധതി ആവിഷ്ക്കരിക്കുവാൻ തയ്യാറാകുമോ ;

(സി) സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യ, വ്യവസായം, തുടങ്ങിയ മേഖലകളിൽ വിദേശ പൗരന്മാരുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മേൽപ്പറഞ്ഞ മേഖലകളിൽ പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്താൻ നടപടികൾ എടുക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>'നാളേക്കിത്തിരി ഊർജ്ജം' പദ്ധതി</u>

*353 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നാളേക്കിത്തിരി ഊർജ്ജം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ പ്രവർത്തന രീതി വ്യക്തമാക്കുമോ;

(സി) ഇത് എവിടെയെല്ലാമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്;

(ഡി) ഈ പദ്ധതി വഴി എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന

*354 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി. കെ. ഗുരുദാസൻ
,, എം. ചന്ദ്രൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ വേണ്ടത്ര മുൻഗണന നൽകിവരുന്നുണ്ടോ ; ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ; ശരാശരി എത്ര ശതമാനം ഫണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ ചെലവഴിച്ചുവരുന്നുണ്ട് ;

(ബി) പൊതുമാർക്കറ്റുകൾ, കാനകൾ, ആറുകൾ, നീർച്ചാലുകൾ ഇവയൊക്കെ മലിനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശുചീകരണ രംഗത്ത് പഞ്ചായത്തുകൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പ്രകൃതിവാതക പൈപ്പ് ലൈൻ</u>

*355 ശ്രീ. ലൂഡി ലൂയിസ്
,, വി.ഡി. സതീശൻ
,, സി.പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് പ്രകൃതിവാതകം പൈപ്പ്ലൈൻവഴി എത്തിക്കുന്നതിനുള്ള പദ്ധതിക്ക് ധാരണയായിട്ടുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി. ആരുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതി എപ്രകാരം നടപ്പാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സേഫ്റ്റി ഓഫീസർമാരുടെ ഉത്തരവാദിത്വം</u>

*356 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, ഇ.കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ സേഫ്റ്റി ഓഫീസർമാരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ആർക്കെങ്കിലും ചുമതല നലകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം;

(ബി) സേഫ്റ്റി ഓഫീസർമാരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ കീഴിൽ സംസ്ഥാനതല അപകട നിവാരണ സമിതിയും ജില്ലാതല സമിതികളും പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതികളുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

'വയോമിത്രം' പദ്ധതി

*357 ശ്രീ. എൻ.എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും വയോജനങ്ങൾക്കു ആരോഗ്യപരിരക്ഷ നൽകുന്നതിനും ജീവിതം സുഗമമാക്കുന്നതിനുമായി ആവിഷ്ക്കരിച്ച 'വയോമിത്രം' പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനുവേണ്ടി പ്രത്യേകം ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നുണ്ടോ;

(സി) എങ്കിൽ എല്ലായിടങ്ങളിലും നിയമനം പൂർത്തിയായോ; നിയമനം ഇനിയും പൂർത്തിയാകാത്തയിടങ്ങളിൽ എന്ത് തുടർനടപടികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>മോണോ റെയിൽ നടപടി</u>

*358 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമായി മോണോ റെയിൽ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ സാദ്ധ്യതാപഠനം നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അനധികൃത ഖനനങ്ങൾക്കെതിരെ നടപടി</u>

*359 ശ്രീ. സാജു പോൾ
,, ജെയിംസ് മാത്യു
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയ്ക്ക് ഭീഷണി ഉയർത്തുന്ന തരത്തിൽ അനധികൃതമായി പാറഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ നിയന്ത്രണത്തിനായി വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനു ശേഷവും ഖനനം തുടരുന്നതായി അറിയാമോ ;

(ഡി) അനധികൃതമായി നടത്തുന്ന ഇത്തരം ഖനനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

നഗരസഭകളിലെ അക്കൗണ്ടിംഗ് സിസ്റ്റം

*360 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, സി. മമ്മൂട്ടി
,, സി. മോയിന്‍കുട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭകളില്‍ അക്കൗണ്ടിംഗിന് ഡബിള്‍ എന്‍ട്രി സിസ്റ്റം നടപ്പാക്കുന്നതിന്റെ പ്രവര്‍ത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഇതിനായി മുന്‍ സര്‍ക്കാരിന്റെ കാലത്ത് എന്തെങ്കിലും സംവിധാനം ഏര്‍പ്പെടുത്തിയിരുന്നോ ;

(സി) അതിന്റെ ഭാഗമായി ഐ.കെ.എം.മുഖേന നിയമനങ്ങള്‍ നടത്തിയിരുന്നോ ; എങ്കില്‍ എത്ര പേരെ അത്തരത്തില്‍ നിയമിച്ചു ;

(ഡി) ഈ നിയമനങ്ങള്‍ നടത്തിയത് ഏത് മാനദണ്ഡമനുസരിച്ചായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവര്‍ക്ക് ഇപ്പോള്‍ നല്കിയിട്ടുള്ള ജോലിയെക്കുറിച്ചുള്ള വിശദവിവരം നല്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. രാജന്‍,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബര്‍ 5.

“T” ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.